7
46

# മെത്രാഭിഷേക കർമ്മം

(സീറോ മലബാർ റീത്ത്)

# EPISCOPAL CONSECRATION

( Syro Malabar Rite )

A SOUVENIR

**Of the Episcopal Consecration of**

**His Excellency**

**Rt. Rev. Mar Kuriakose Kunnacherry**

M. A, J. U. D., L. D.

**Titular Bishop of Cefa and Coadjutor**

**Bishop of Kottayam.**

DHARMARAM COLLEGE LIBRARY BANGALORE-29

**By**

**His Eminence M. Cardinal de Furstenberg**

**Prefect of the Sacred Congregation**

**for Oriental Churches, Rome.**

*(With Ecclesiastical Approbation)*

Price 20 Ps.

The Catholic Mission Press, Kottayam.

24 — 2 — 1968.

DHARMARAM COLLEGE LIBRARY
Ac. No 75108
Call No. E77/EP46

# EPISCOPAL CONSECRATION

## SYRO-MALABAR RESTORED RITE

## മെത്രാഭിഷേക കർമ്മം

മെത്രാൻപട്ടം കൊടുക്കുന്നതു് ഞായറാഴ്ചകളിലോ, തിരുനാളുകളിലോ, വിശുദ്ധരുടെ ഓർമ്മ സാഘോഷം ആചരിക്കുന്ന ദിവസങ്ങളിലോ ആയിരിക്കണം.

കാർമ്മികനു യുക്തമെന്നു തോന്നുന്നെങ്കിൽ മെത്രാഭിഷേകശുശ്രൂഷയ്ക്കുമുമ്പ് വൈദിക പ്രാർത്ഥനകളുടെ നിശ്ചിതഭാഗം ചൊല്ലാവുന്നതാണ്—അതായതു് റംശായും ലെലിയായും ഞായറാഴ്ചകളിലേതുപോലെ. ചില വ്യത്യാസങ്ങളുള്ളതു്, സുറിയാനി പൊന്തിഫിക്കലിൽ അതാതു സ്ഥാനത്തു നിർദ്ദേശിച്ചിട്ടുണ്ടു്.

### ശുശ്രൂഷയ്ക്കുള്ള ഒരുക്കങ്ങൾ

### (Preparations)

നിശ്ചിത ദിവസം രാവിലെ കാർമ്മികനും മെത്രാപ്പോലീത്താമാരും മെത്രാന്മാരും നിശ്ചിത സ്ഥലത്തുവന്നു് ഔദ്യോഗിക തിരുവസ്ത്രങ്ങൾ അണിയുന്നു. കാർമ്മികൻ പാത്രിയർക്കീസാണെങ്കിൽ അദ്ദേഹത്തിന്റെ അനുവാദം കൂടാതെ മെത്രപ്പോലീത്താമാരും മെത്രാന്മാരും അംശവടിയെടുക്കുകയോ സ്ഥാനവസ്ത്രങ്ങൾ ധരിക്കുകയോ ചെയ്യുന്നില്ല, എന്നാൽ കാർമ്മികൻ മെത്രാപ്പോലീത്തായോ മെത്രാനോ ആണെങ്കിൽ പ്രത്യേക അനുവാദമൊന്നും കൂടാതെതന്നെ ഇതര മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും അംശവടി എടുക്കുകയും സ്ഥാനവസ്ത്രങ്ങൾ ധരിക്കുകയും ചെയ്യാം. മെത്രാൻപട്ടസ്ഥാനാർത്ഥി സാധാരണ വൈദികരുടെ വസ്ത്രങ്ങളാണു ധരിക്കേണ്ടതു്. ശുശ്രൂഷകർ കുരിശു്, സുവിശേഷപ്പുസ്തകം, ധൂമക്കുററി, കത്തിച്ച തിരികൾ, താലപ്പൊലി എന്നിവ വഹിക്കുന്നു. എല്ലാവരും പ്രദക്ഷിണമായി ദൈവാലയത്തിലേയ്ക്കു് പ്രവേശിക്കുന്നു. ആ സമയത്തു് പാട്ടുകാർ താഴെക്കാണുന്ന ഗാനം ആലപിക്കുന്നു.

## പ്രദക്ഷിണഗാനം

പാറമേൽ എൻെറ കാലുകളൂന്നി; എൻെറ കാലടികളെ അവൻ ഉറപ്പിച്ചു:

വീഴാത്ത സൗധങ്ങൾ നിങ്ങളുയർത്തുക
ദൈവികദാസരാം ശ്ലീഹന്മാരെ
കർത്താവിൽനിന്നും ലഭിച്ചോരുശക്തിയാൽ
തീർത്താലും പാവനമന്ദിരങ്ങൾ
തെല്ലും ചലിക്കാത്ത പാറകളാം നിങ്ങൾ
സത്യത്തിൻ സാക്ഷികൾ തന്നെയല്ലോ?
പാവനാത്മാവിൻെറ വാസസ്ഥലങ്ങളീ-
മർത്ത്യമനങ്ങളിൽ തീർക്കുകില്ലേ?

മക്കളോടുകൂടി സന്തോഷിക്കുന്ന അമ്മയെപ്പോലെ

സ്തുതൂർഹയാകുന്ന നിൻസഭ സന്തോഷ
മഗ്നതാൻ വൈദികർ തന്നോർമ്മയാൽ
വന്ദകന്മാരവരെന്നെന്നും പള്ളിയെ
താങ്ങിനിറുത്തുന്ന തൂണുകൾ താൻ
സത്യവിശ്വാസത്തിൽ തന്നുടെ ജാതരേ
നിത്യമുറപ്പിച്ച സത്യസഭ
ദിവ്യപ്രബോധകർ സത്യപ്രകാശത്തിൻ
സാക്ഷ്യംവഹിക്കമാറായിട്ടവാൻ.

നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.

ദീപസ്തംഭങ്ങളായ് ശോഭിച്ച ശ്ലീഹന്മാർ
ലോകത്തെ ദീപ്തിയിലാഴ്ത്തിയല്ലോ
അന്ധകാരത്തിൻെറ വീഥിയിൽ നേർവഴി
തെററിനടന്നോരെ നേരെയാക്കി.
ലോകത്തിലിന്നീദിനം മാനവവൃന്ദവും
നാകത്തിൻ ദൂതരുമാനന്ദിപ്പൂ
കീർത്തനഗാനങ്ങൾ പാടിപിരന്തരം
വാഴ്ത്തുന്നു ധന്യരാം ശ്ലീഹന്മാരെ.

ആയുധവും പരിചയുമേന്തി എൻെറ സഹായത്തിനായ് എഴുന്നേൽക്കുക.

പാരിൻെറ സീമകൾതോറും പ്രസംഗിച്ച
പ്രാഭവരായിപ്പുകർന്ന വന്ദ്യർ

ശ്ലീഹന്മാർ നന്മനിറഞ്ഞൊരീലോകത്തെ
നന്മതൻ പൂവാടിയാക്കിയല്ലോ.
സാത്താൻ വിതച്ചവിനാശത്തിൻ ബീജങ്ങൾ
പൊങ്ങിപ്പടർന്നു വളർന്നിടാതെ
രക്ഷിച്ച ശ്ലീഹന്മാർ, ജീവന്റെ വല്ലികൾ
നട്ടുനനച്ചുവളർത്തുകയാൽ

### പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

രക്ഷകസന്നിധൗ തേടി നാമാലംബം
ദൈവികജീവനിൽ ലീനമാകാൻ
പാവനാത്മാവിന്റെ ദിവ്യവരങ്ങളാൽ
ശാന്തിയും മുക്തിയും നേടിയല്ലോ.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ
നിത്യവും സ്തുത്യർഹൻ നിത്യവുമുന്നതൻ
നിത്യനാം ദൈവകുമാരനും നീ
കാത്തിടേണമേ നിന്റെ പള്ളിയെ നിൻതിരു
ശക്തിതൻ മാഹാത്മ്യമൊന്നിനാലെ.

### Reading of the Bull

പ്രദക്ഷിണം ഹൈക്കലായിൽ പ്രവേശിക്കുന്നു.
തുടർന്നു നിയമനപത്രം വായിക്കുന്നു.

രക്തസാക്ഷികളുടെ തിരുശേഷിപ്പ സൂക്ഷിച്ചിരിക്കുന്ന ‘ബേസ’ സഹദേ് ഉണ്ടെങ്കിൽ അവിടേയ്ക്കു പോകുന്നു. ആർച്ച ഡീക്കൻ തദവസരത്തിൽ സമൂഹത്തെ അറിയിക്കുന്നു:—

**ദൈവത്തിനു് അതി പ്രിയങ്കരനും കോട്ടയം രൂപതയുടെ നിയുക്ത സഹായമെത്രാനുമായ കുന്നശ്ശേരിൽ ബഹുമാനപ്പെട്ട കുര്യാക്കോസ് വൈദികൻ മെത്രാഭിഷേകത്തിനായി ആനീതനാകുന്നു. അദ്ദേഹത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സുവിശേഷം പ്രസംഗിച്ച അപ്പസ്തോലന്മാരുടെയും സത്യവിശ്വാസം പരിരക്ഷിച്ച രക്തസാക്ഷികളുടെയും ദൈവസംപ്രീതിയാർജ്ജിച്ച മററു വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥം അദ്ദേഹത്തോടുകൂടി നമുക്കു യാചിക്കാം.**

ഗായക സംഘം താഴെ കൊടുത്തിരിക്കുന്നലുത്തിനിയ പാടുന്നു.

### രക്തസാക്ഷികളുടെ മാദ്ധ്യസ്ഥം
### (Litany before the relics)

1 താതാ ദൈവമേ നീ, കൃപ ചെയ്തീടണമേ
പാരിൻത്രാണകനേ, കൃപ ചെയ്തീടണമേ
പാവനറൂഹായേ, കൃപ ചെയ്തീടണമേ.

2 മിശിഹാനാഥന്റെ ജന്മം നൽകി
ധന്യയായൊരു കന്യാമാതേ
ഞങ്ങൾക്കായ് നിത്യം പ്രാർത്ഥിച്ചീടണമേ

3 വത്സലതാതാ തോമ്മാശ്ലീഹാ
സ്നാപകനാകും യോഹന്നാനേ
ഞങ്ങൾക്കായ് നിത്യം പ്രാർത്ഥിച്ചീടണമേ

4 പത്രോസ് പൗലോസ് ശ്ലീഹന്മാരേ
എസ്തപ്പാനോസ് രക്താങ്കിതരേ
ഞങ്ങൾക്കായ് നിത്യം പ്രാർത്ഥിച്ചീടണമേ

5 കർത്താവിൻ തിരുശ്ലീഹന്മാരേ
ശിഷ്യന്മാരെ പിതാക്കന്മാരേ
ഞങ്ങൾക്കായ് നിത്യം പ്രാർത്ഥിച്ചീടണമേ

6 മെത്രാന്മാരെ മല്പാന്മാരേ
സിദ്ധന്മാരെ, സഃഹാദരന്മാരെ
ഞങ്ങൾക്കായ് നിത്യം പ്രാർത്ഥിക്കണമേ.

പ്രധാനകാർമ്മികൻ സിംഹാസനത്തിൽ ഇരിക്കുന്നു; മററു മെത്രാന്മാർ പാർശ്വങ്ങളിലുള്ള ഇരിപ്പിടങ്ങളിലും. പ്രധാന കാർമ്മികന്റെ മുൻപിൽ സ്ഥാനാർത്ഥി വന്നു നിൽക്കുന്നു,

## വിശ്വാസ പ്രഖ്യാപനം
## (Profession of faith)

ആർച്ച്ഡീക്കൻ പിടിച്ചിരിക്കുന്ന സുവിശേഷത്തിന്മേൽ വലതുകരം വച്ചുകൊണ്ട് സ്ഥാനാർത്ഥി വിശ്വാസപ്രതിജ്ഞ ചെയ്യുന്നു.

(പേരു്) ആയ ഞാൻ വിശ്വാസപ്രമാണത്തിലെ ഓരോ സത്യവും ദൃഢമായി വിശ്വസിക്കയും ഏററുപറയുകയും ചെയ്യുന്നു.

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും സകല സൃഷ്ടികൾക്കും മുമ്പ് ജാതനായവനും യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്ന് ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്ത ആയിരിക്കുന്നവനുമായ കർത്താവീശോമിശിഹായിൽ ഞാൻ വിശ്വസിക്കുന്നു. അവൻവഴി, ലോകം ക്രമീകരിക്കപ്പെടുകയും അവൻ വഴി, സകലതും സൃഷ്ടിക്കപ്പെടുകയും ചെയ്തു. അവൻ മനുഷ്യരായ നമുക്കു വേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ ശരീരിയാക്കപ്പെട്ട് മനുഷ്യനായി കന്യകാമറിയത്തിന്റെ ഉദരത്തിൽ ഉത്ഭവിച്ച് അവളിൽനിന്നു പിറന്നു. പന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ അവൻ പീഡകൾ സഹിക്കുകയും സ്ലീ

വായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവൻ സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. മരിച്ചവരേയും ജീവിച്ചിരിക്കുന്നവരേയും വിധിക്കുന്നതിനു അവൻ വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏകപരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. ശ്ലൈഹീകവും സാർവത്രികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു. പാപങ്ങളുടെ മോചനത്തിനായുള്ള ഏക മാമ്മോദീസായിലും ശരീരങ്ങളുടെ ഉയിർപ്പിലും എന്നേയ്ക്കുമുള്ള ആയുസ്സിലും ഞാൻ വിശ്വസിക്കുന്നു.

വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച് തിരുസഭ സാർവത്രികാധികാരത്തിലൂടെയോ സാധാരണാധികാരത്തിലൂടെയോ പഠിപ്പിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടുള്ളവയെല്ലാം — പൊതുവായും ഓരോന്ന് പ്രത്യേകിച്ചും — ക്രിസ്തുവിന്റെ തിരുസഭാരഹസ്യവും കൂദാശകളും വിശുദ്ധ ബലിയും മാർപ്പാപ്പായുടെ പരമാധികാരവും ഞാൻ പൂർണ്ണമായി ആദരിക്കുകയും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു.

തുടർന്ന് വിധേയത്വപ്രതിജ്ഞ (Promise of fidelity) ചെയ്യുന്നു.

അനന്തരം മദ്ബഹായിലുള്ളവർ താഴെപ്പറയുന്ന ക്രമത്തിൽ നിൽക്കുന്നു: പട്ടം നൽകുന്ന കാർമ്മികന്മാർ അൾത്താരയുടെ മുൻപിലും ആർച്ചുഡീക്കൻ അവരുടെ സമീപത്തും മെത്രാൻപട്ടസ്ഥാനാർത്ഥി മദ്ബഹായുടെ മദ്ധ്യത്തിലും; മററു ശുശ്രൂഷകർ മദ്ബഹായുടെ ഇരുവശങ്ങളിലും അഭിമുഖമായി നിൽക്കുന്നു. കാർമ്മികനും മെത്രാന്മാരും അംശവടികൾ സൗകര്യമുള്ള ഒരിടത്തു വയ്ക്കുന്നു. അൾത്താരയിൽ പുതിയ മെത്രാനുള്ള മുടിയും, അംശവടിയും, കുരിശും, മാലയും, മോതിരവും മുൻകൂട്ടി വച്ചിരിക്കണം.

# പട്ടാഭിഷേകശുശ്രൂഷ

## ആരംഭം (Beginning)

സ്ഥാനാർത്ഥി ഇരുമുട്ടുകളും കുമ്പിട്ടാരാധിച്ചശേഷം എഴുന്നേൽക്കുന്നു.

### കാർമ്മികൻ: (Consecrator) – Our Father -

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം നിന്റെ രാജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം, നിന്റെ രാജ്യം വരണം നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലുമാകണം.

ഞങ്ങൾക്കാവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു; ആമ്മേൻ.

കാർമ്മികൻ: (Consecrator)- Glory be to the Father-

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം: ആദിമുതലെന്നേക്കും ആമ്മേൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം, നിന്റെ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ. നിന്റെ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു.

ആർച്ച്ഡീക്കൻ: (Archdeacon) സമാധാനം നമ്മോടുകൂടെ.

കാർമ്മികൻ പ്രാർത്ഥിക്കുന്നു: (Consecrator prays) ഞങ്ങളുടെ ദൈവമായ കർത്താവേ, ആരാധ്യവും പരിശുദ്ധവുമായ അങ്ങേ നാമം വാനവരും മനുഷ്യരെല്ലാവരും, സ്വർഗ്ഗത്തിലും ഭൂമിയിലും, അനവരതം സ്തുതിക്കുകയും ഏററുപാടുകയും ചെയ്യട്ടെ. ദൈവികമാനങ്ങളുടെ ദാതാവും സകലത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ

സമൂഹം ആമ്മേൻ.

പ്രധാന കാർമ്മികൻ താഴെ കൊടുത്തിരിക്കുന്ന സങ്കീർത്തനം ആരംഭിക്കുന്നു. (psalm: 131.)

കർത്താവേ, ദാവീദിനെ ഓർക്കണമെ. അദ്ദേഹം സഹിച്ച കഷ്ടപ്പാടുകൾ അങ്ങു മറന്നുകളയരുതേ ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ.

(സ്വർഗ്ഗത്തിൽ നിന്നവരോഹണം എ. മ.)

ഓർക്കണേ കർത്താവേ ദാവീദിനെയവൻ
കഷ്ടതയേറെ സഹിച്ചതല്ലോ.
യാക്കോബിൻ ദൈവത്തിൻ ദിവ്യസന്നിധിയിൽ
സത്യം ചെയ്താ ദാസൻ ചൊല്ലിയേവം
"കർത്താവാം ദൈവത്തിന്നായിട്ടോരാലയം
തീർക്കാതെ ഞാനെന്റെ ഗേഹംതന്നിൽ

പൂകില്ല ശയ്യയിൽ ചേരില്ല കണ്ണുകൾ
പൂട്ടുകപോലും ഞാൻ ചെയ്കയില്ല.
പേടകത്തെപ്പററി, അഫേർസായിൽ കേട്ടു
യാറിൻ വയലിൽ കണ്ടെത്തി ഞങ്ങൾ
കൂടാരത്തിൽ നമുക്കേവർക്കും പൂകിടാം
കർത്താവിൻ പാദപീഠം വണങ്ങാൻ.

നിൻ മഹനീയമാം പേടകത്തോടൊപ്പം
വന്നാലു മീ വിശ്രമസ്ഥലത്തിൽ
നാഥാ നിന്നാചാര്യർ ശുദ്ധരായീടേണം
മോദം തൂകീടട്ടെ നീതിമാന്മാർ
നിൻ ദാസൻ ദാവീദിനെ സ്മരിച്ചെങ്കിലും
നിന്നഭിഷിക്തനെ തള്ളീടൊല്ലേ

"താവകസന്തതികൾക്കായ് ഞാൻ നല്കീടും
താവകസിംഹാസനം" എന്നായി.
ദാവീദിനോടരുൾ ചെയ്ത കർത്താവ് തൻ
വാഗ്ദാനമെന്നാളും പാലിച്ചീടും.
നിൻ മക്കളെല്ലാരുമെൻ കല്പനകളും
എൻ നിയമങ്ങളും പാലിക്കട്ടെ.

എന്നാലവരുടെ സന്തതികൾ തന്നെ
എന്നെന്നും സിംഹാസനം വാണീടും)
സീയോനെ ദൈവമാം കർത്താവ് സ്നേഹിച്ചു
സ്വീകരിച്ചു വാസസ്ഥാനമായി.
കർത്താവരുൾ ചെയ്തു മാമക വാഞ്ഛപോൽ
സീയോനെൻ വിശ്രമസ്ഥാനമെന്നും.

മേവുമവിടെ ഞാൻ സമ്പൽസമൃദ്ധമായ്
തീരുമവിടമെന്നാശിസ്സാലെ.
അസ്ഥലത്തുള്ള ദരിദ്രരെ പോററും ഞാൻ
ആചാര്യന്മാരെ സംരക്ഷിച്ചീടും
നീതിമാന്മാരെല്ലാമാഹ്ലാദം പൂണ്ടീടും
ദാവീദിന്നായ് സൂനം പുഷ്പിച്ചീടും

എന്നഭിഷിക്തനായ് ദീപം കൊളുത്തും ഞാൻ
വൈരിഗണങ്ങളെ പായിച്ചീടും
എൻ കിരീടമവൻ തന്റെ ശിരസ്സിങ്കൽ
ശോഭാൻപ്രകാശം വീശി രംജിച്ചീടും.
നിൻ ദാസൻ ദാവീദിനെ സ്മരിച്ചെങ്കിലും
നിന്നഭിഷിക്തനെ തള്ളീടൊല്ലേ.

ആർച്ചുഡീക്കൻ: (Prayer) സമാധാനം നമ്മോടുകൂടെ.

കാർമ്മികൻ: ജീവന്റെയും ദൈവികപരിശുദ്ധിയുടെയും ഉറവിടവും എല്ലാ അറിവുകളുടെയും ഭണ്ഡാരവും ആത്മീയദാനങ്ങളുടെ ഉറവയും എല്ലായ്പോഴും സ്തുതിയുടെ പരിശുദ്ധ കിരണങ്ങളാൽ എല്ലാററിനേയും പ്രകാശിപ്പിക്കുന്നവനും, ദൈവികസത്തയിൽ നിന്നു് എല്ലായ്പോഴും പുറപ്പെടുന്നവനും ഉദ്ഭവിക്കുന്നവനുമായ കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. തന്റെ ആജ്ഞയാൽ ആകാശത്തിലും ഭൂമിയിലും സകലവും പരിപാലിക്കുന്നവനും തന്റെ നിത്യദാനങ്ങളുടെ ഉറവകളിൽ നിന്നും പ്രവാചകത്വത്തിന്റെ അരുവികൾ പുറപ്പെടുത്തുന്നവനും തന്റെ അധികാരസീമയിൽനിന്നും ശ്ലൈഹികവരങ്ങൾ പൊഴിക്കുന്നവനുമായ കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. എന്റെ കർത്താവേ, അങ്ങേ അപ്പസ്തോലിക പൗരോഹിത്യത്തിന്റെ ദാനങ്ങൾ അങ്ങേ നീതിമാനായ ദാസനിൽ ചൊരിയേണമേ. സഭയുടെ പൗരോഹിത്യത്തിന്റെ മഹനീയവും പുണ്യസമ്പൂർണ്ണവുമായ കിരീടം ഈ ആരാധകന്റെ ശിരസ്സിൽ അങ്ങു വയ്ക്കുക. അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ വഴിയായി അദ്ദേഹത്തിന്റെ ആത്മീയപുത്രർ പ്രകാശിതരാകട്ടെ. അദ്ദേഹത്തിന്റെ ആട്ടിൻകൂട്ടത്തിൽനിന്നും അന്ധകാരത്തിന്റെ പുത്രന്മാർ അകന്നുപോകട്ടെ. ആദ്ധ്യാത്മീകവരങ്ങളുടെ ദാതാവും സകലത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

## Blessing of the incense.

അനന്തരം പതിവുപോലെ ധൂമം ആശീർവദിക്കുന്നു, പാട്ടുകാർ താഴെക്കൊടുത്തിരിക്കുന്ന കീർത്തനമാലപിക്കുന്നമ്പോൾ കാർമ്മികൻ 'മദ്ബഹാ ധൂമിക്കുന്നു.

## കീർത്തനം (Hymn)

"തനിക്കു് ഇഷ്ടമായതെല്ലാം കർത്താവു ചെയ്യുന്നു"

സപ്തവരങ്ങൾ പൊഴിയുന്നൂ,
പരിശുദ്ധാത്മാനവരതം
അധികാരത്തിൻ മഹിമകളാൽ
സകലം നേരെ നയിക്കുന്നു.

വന്ദക വൈദിക നിരകളിലോ
വിജ്ഞാനത്തിൻ കതിരുകളാൽ
തിമിരത്തിന്നുടെ മൂടുപടം
നീക്കി വെളിച്ചം പകരുന്നു.

ത്രിത്വത്തിൻെറ രഹസ്യങ്ങൾ
വെളിവാക്കുന്നതുമങ്ങെല്ലാം
നിത്യം സ്തുതിയും കീർത്തികളും
താതന്നും സുതന്നും റൂഹായ്ക്കും.

അങ്ങേ പുരോഹിതന്മാർ നീതിയും അങ്ങയുടെ നീതിമാന്മാർ മഹത്വവും ധരിക്കും.

പാവന മാനസ"നഹറാൻെറ"
പൗരോഹിത്യം സാദൃശ്യം
പൂജയുമാം ബലിയർപ്പണവും
ദൈവിക ബലിയുടെ പ്രതിരൂപം
ശിഷ്യരു മൂലം മാനവരെ
രക്ഷക ദൈവിക സവിധത്തിൻ
നിത്യ മഹോന്നത സത്യത്തിൻ
സാക്ഷികളാക്കിച്ചെയ്യുമെല്ലാം.

"കർത്താവു തൻെറ വാക്കുകളിൽ വിശ്വസ്തനാകുന്നു"

ശ്ലീഹന്മാർ വഴി ലോകത്തിൽ
നാലു ദിഗന്തതലങ്ങളിലും
നാഥാ, നിത്യപിതാവിൻെറ
വാഗ്ദാനം നീ നിറവേററി
പുറജാതികളേയറിയിച്ചു
രക്ഷാദൌത്യം ശിഷ്യഗണം,
ജ്ഞാനസ്നാനത്തികവാലെ
ദൈവിക സുതരായ് നാമെല്ലാം.

## പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**ധന്യനനുഗ്രഹ സമ്പന്നൻ**
**വൈദിക നിരയെയുയർത്തിയവൻ**
**നിത്യ പുരോഹിതനാണല്ലോ**
**തീർക്കുക പുതിയ പുരോഹിതരെ**
**പാവന വൈദിക വൃന്ദത്തെ**
**വിശ്രുതമാക്കിയ സകലേശൻ**
**നിത്യമനുഗ്രഹ പൂരിതനും**
**സർവ്വാരാധ്യ മഹോന്നതനും**
**ദൈവിക മാമീ തിരുസ്സഭയെ**
**നേർവഴി കാട്ടി വിരാജിക്കും,**
**പരിശുദ്ധാത്മാവനവരതം**
**ധന്യനനുഗ്രഹ സമ്പന്നൻ**
**നാഥാ, താവക സഭയിങ്കൽ**
**ശില്പികളായി വിരാജിക്കും**
**ദൈവിക ദാസരുമെന്നെന്നും**
**വാഴ്ത്തപ്പെട്ടവരാകട്ടെ.**

ആർച്ച്ഡീക്കൻ; സമാധാനം നമ്മോടുകൂടെ.

കാർമ്മികൻ: (Prayer) **ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ മുമ്പിൽ നിൽക്കുന്ന ദാസനെ അങ്ങേ ആട്ടിൻപററത്തിന്റെ ഇടയനാകുവാനായ് പരിശുദ്ധാത്മാവിന്റെ ആഗമനത്താൽ പട്ടാഭിഷേകം ചെയ്യുകയും അങ്ങേ പ്രകാശം ഇദ്ദേഹത്തിന്റെമേൽ ചൊരികയും ചെയ്യണമെ. ഇദ്ദേഹം അങ്ങയുടെ ആട്ടിൻകൂട്ടത്തെ തിരുവുള്ളമനുസരിച്ച് ഭരിക്കുവാൻവേണ്ടി അങ്ങേ ശോഭയാൽ ഇദ്ദേഹത്തെ പ്രകാശിപ്പിക്കണമെ. എന്റെ കർത്താവേ ഇദ്ദേഹത്തെ സ്തുതിയുടെ വസ്ത്രം ധരിപ്പിക്കുകയും അങ്ങേ അദ്ധ്യാപനാധികാരമാകുന്ന വാദം ഇദ്ദേഹത്തിന്റെ കൈകയിൽ പിടിപ്പിക്കുകയും ചെയ്യണമെ. തിരുമനസ്സിനൊത്തവിധം അങ്ങേ പ്രസാദിപ്പിക്കുവാൻ വേണ്ടി ഇദ്ദേഹത്തിനു ശക്തി നൽകണമേ. ഇദ്ദേഹം അങ്ങയുടെ മഹത്വത്തിനൊരു വിശുദ്ധസ്ഥലമാകട്ടെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.**

സമൂഹം; **ആമ്മേൻ.**

**കാർമ്മികൻ:** താഴെക്കൊടുത്തിരിക്കുന്ന സങ്കീർത്തനം ആരംഭിക്കുന്നു

(Psalm 118)

**കർത്താവേ അങ്ങേ വാഗ്ദാനപ്രകാരം**
**ഈ ദാസനോടു കരുണ തോന്നണമെ.**

കാനോനാ. സ്വർഗ്ഗതലത്തും, ഭൂവിലുമതുപോ
ലധികാരം തൻശ്ലീഹന്മാർക്കായ്
നൽകിയ നാഥാ ചിന്തണമേ നിൻ
കൃപയുടെ ബലമീയാരാധകനിൽ

കർത്താവേ അങ്ങെ വാഗ്ദാനപ്രകാരം
ഈ ദാസനോട് കരുണ തോന്നണമേ.

അങ്ങേ പ്രമാണത്തെ ആശ്രയിച്ചതിനാൽ
വിവേകവും ജ്ഞാനവും എന്നെ പഠിപ്പിക്കണമേ.

കഷ്ടപ്പാടുകളുണ്ടാകുന്നതിനുമുമ്പ്
ഞാൻ അപഥസഞ്ചാരിയായിരുന്നു.

ഇപ്പോഴാ അങ്ങേ ഉപദേശങ്ങൾ
എനിക്കു സ്വീകാര്യമായി തോന്നുന്നു,

കർത്താവേ അങ്ങു നല്ലവനാകുന്നു.
അങ്ങെ പ്രവൃത്തികളും നല്ലവയാകുന്നു.
തിരുകല്പനകൾ എന്നെ പഠിപ്പിക്കണമേ.

അഹങ്കാരികളുടെ വഞ്ചന വർദ്ധിച്ചു
എങ്കിലും ഞാൻ പ്രമാണം കൃത്യമായി പാലിച്ചു

അവരുടെ ഹൃദയത്തിൽ നന്മയില്ല,
ഞാനോ അങ്ങെ നിയമങ്ങൾ അനുസരിച്ചു.
കഷ്ടപ്പാടുകൾ എനിക്കുപകരിച്ചു
അവമൂലം ഞാൻ പ്രമാണങ്ങൾ പഠിച്ചു.

പൊന്നിനേയും വെള്ളിയേയുംകാൾ
എനിക്കങ്ങേകല്പന വിലപ്പെട്ടതാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേക്കും ആമ്മേൻ.

കാനോനാ: സ്വർഗ്ഗതലത്തും ഭൂവിലുമതുപോ—
ലധികാരം തൻ ശ്ലീഹന്മാർക്കായ്
നല്കിയ നാഥാ, ചിന്തണമേനിൻ
കൃപയുടെ ബലമീയാരാധകനിൽ.

ആർച്ചുഡീക്കൻ: സമാധാനം നമ്മോടുകൂടെ.

താഴെ കൊടുത്തിരിക്കുന്ന കാനോനാകൾ ഓരോന്നും അതിന്റെ സ്ലോസയോടുകൂടെ സന്നിഹിതരായിരിക്കുന്ന മെത്രാന്മാർ മാറിമാറി ചൊല്ലുന്നു.

## ഒന്നാം കാനോനാ

### പ്രാർത്ഥന - Prayer:

കർത്താവെ സീനായ് മലയിൽ വച്ച് മൂശയുടെ മേൽ ഇറങ്ങി ആവസിച്ചതും ഇസ്രായേൽക്കാർക്ക് പ്രതിരൂപമായ നിയമം നൽകിയതുമായ ദൈവികശക്തി ഈ ദാസന്റെ മേൽ വസിക്കട്ടെ. അഹറോനെയും അയാളുടെ പുത്രന്മാരെയും തൽക്കാല പുരോഹിതന്മാരായി അഭിഷേകം ചെയ്തവനും തീനാക്കുകളുടെ രൂപത്തിൽ ഊട്ടുശാലയിൽ ശിഷ്യരുടെ മേൽ ഇറങ്ങിയവനും, അവരെ എല്ലാ പുറജാതികളുടെയും മദ്ധ്യേ തന്റെ തിരുനാമത്തെ പ്രസംഗിക്കുന്നതിന് തെരഞ്ഞെടുത്തവനുമായ പരിശുദ്ധാത്മാവ് ഇറങ്ങി അങ്ങയുടെ ഈ ദാസനിൽ ആവസിക്കട്ടെ. അപ്രകാരം രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനായും ഈ ദാനങ്ങളുടെ ദാതാവായും സഭയുടെ പൗരോഹിത്യവൃത്തിയിൽ ഇദ്ദേഹം പുരോഗമിക്കട്ടെ. എന്റെ കർത്താവെ, പത്രോസ് മുഖേന യൂദാസ്സിനു പകരം മത്ഥ്യാസിനെ തെരഞ്ഞെടുത്തതുപോലെ അങ്ങേയ്ക്കു പകരമുള്ള പൊതുപിതാവായ റോമായിലെ മാർ (ഇന്നാ) പാപ്പാ വഴിയായി (ഇന്നാ) സ്ഥലത്തെ സ്തുത്യർഹമായ അങ്ങേ അജഗണത്തെ ഉത്തമമാംവിധം തന്റെ ആയുഷ്കാലം മുഴുവനും ഇദ്ദേഹം നയിക്കട്ടെ. ദൈവികവരങ്ങളുടെ ദാതാവായ സകലത്തിന്റേയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മികൻ താഴെക്കൊടുത്തിരിക്കുന്ന സങ്കീർത്തനം ആരംഭിക്കുന്നു.

(Ps 99 6-9)

മൂശ പരിശുദ്ധനാകുന്നു
അങ്ങയോട് പ്രാർത്ഥിക്കുന്നവരിൽ സാമുവേലും
പുരോഹിതന്മാരിൽ അഹറോനും പരിശുദ്ധനാകുന്നു.

കാനോനാ: രാജാക്കളുടെ രാജാവും പുരോഹിതന്മാരെയും വിശുദ്ധരെയും അഭിഷേകം ചെയ്യുന്നവനുമായ കർത്താവീശോമിശിഹായെ, അങ്ങേ ദാസനെ വിശുദ്ധരുടെ പരിശുദ്ധ തൈലത്താൽ നിറയ്ക്കണമെ. അജപാലനാധികാരവും ഇടയന്റെ വടിയും അങ്ങ് ഇദ്ദേഹത്തിനു നൽകണമെ. അങ്ങനെ നിർമ്മല മനസാക്ഷിയോടും പരിശുദ്ധമായ ഹൃദയത്തോടും കൂടി അങ്ങേ ആട്ടിൻ പററത്തെ ഇദ്ദേഹം മേയിക്കട്ടെ. അങ്ങേയ്ക്കു നിരന്തര സ്തുതിയും പുകഴ്ചയും ഇദ്ദേഹം സമർപ്പിക്കുകയും ചെയ്യട്ടെ.

അവരുടെ പ്രാർത്ഥന കർത്താവു കേൾക്കുകയും
മേഘസ്തംഭത്തിൽനിന്നുകൊണ്ടു്
അവരോടു സംസാരിക്കയും ചെയ്തു.

അവിടത്തെ ആജ്ഞകളും നിയമങ്ങളും
അവർ കൃത്യമായി പാലിച്ചു.

അവിടുന്നു അവരുടെ പ്രാർത്ഥനകേട്ടു
അവരോടു ക്ഷമിച്ചെങ്കിലും
അവരുടെ കുററങ്ങൾക്കു ശിക്ഷനൽകി

ദൈവമായ കർത്താവിനെ വാഴ്ത്തുവിൻ
അവിടുത്തെ പർവതത്തിനു മുൻപിൽ
അവിടുത്തെ കുമ്പിട്ടു വണങ്ങുവിൻ.

നമ്മുടെ ദൈവമായ കർത്താവു്
ഏററവും പരിശുദ്ധനാണല്ലോ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

മൂശ പരിശുദ്ധനാകുന്നു.
അങ്ങയോടു പ്രാർത്ഥിക്കുന്നവരിൽ സാമുവേലും
പുരോഹിതന്മാരിൽ അഹറോനും പരിശുദ്ധനാകുന്നു.

കാനോനാ: രാജാക്കളുടെ രാജാവും................(ശേഷം)

## രണ്ടാം കാനോനാ

## പ്രാർത്ഥന (Prayer)

ഞങ്ങളുടെ കർത്താവായ ദൈവമേ, വിശുദ്ധ ശ്ലീഹന്മാരുടെ മേൽ അഗ്നിരൂപത്തിൽ ആവസിക്കുകയും അവരെ നിൻെറ ദാനങ്ങൾകൊണ്ടു ബുദ്ധിമാന്മാരാക്കുകയും അനുഗ്രഹങ്ങളാൽ സമ്പന്നരാക്കുകയും മനുഷ്യരുടെ മുൻപാകെ ഉയർത്തുകയും അവരുടെ കരങ്ങൾ വഴി വൻകാര്യങ്ങളും അത്ഭുതങ്ങളും ചെയ്യുകയും ചെയ്ത അങ്ങേ കൃപ ഈ ദാസനിൽ ആവസിക്കുകയും കുടികൊള്ളുകയും നിലനിൽക്കുകയും ചെയ്യട്ടെ. അങ്ങനെ ഇദ്ദേഹം അങ്ങയുടെ ആട്ടിൻപററത്തെ നീതിപൂർവം ഭരിക്കുകയും ധീരതയോടെ നയിക്കുകയും തൻെറ സഭയിലെ ശ്രദ്ധയുള്ള തലവനായിത്തീരുകയും ചെയ്യട്ടെ. എന്തെന്നാൽ എല്ലാ നൽവരങ്ങളുടേയും ദാതാവു് അവിടുന്നാകുന്നു. അങ്ങേ ആരാധകരുടെ മേൽ എല്ലാ അനുഗ്രഹങ്ങളും ധാരാളമായി ചൊരിയുന്നവനും അങ്ങു തന്നെ. സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരം നടത്തുന്ന ശക്തനായ

വനും അവിടുന്നു തന്നെയാണല്ലോ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും. ആമ്മേൻ.

കാർമ്മികൻ താഴെ കൊടുത്തിരിക്കുന്ന സങ്കീർത്തനം ആരംഭിക്കുന്നു. (ps. 21, 3-6)

അങ്ങു അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കുകയും കീർത്തിയുടെ കിരീടമണിയിക്കുകയും ചെയ്തു.

കാനോനാ: തന്റെ ധനത്തെ പന്ത്രണ്ടു അദ്ധ്വാനശീലർക്കു നല്കിയവനും ദൈവിക ദാനങ്ങളാൽ അവരെ സമ്പന്നരാക്കിയവനും, തന്റെ കർതൃത്വത്തിന്റെ അധികാരം അവർക്കു നൽകിയവനുമായ കർത്താവേ, അങ്ങേ ഈ ദാസനു ആവശ്യമുള്ളതും സഹായകമായതും നൽകി ഇദ്ദേഹത്തെ കടാക്ഷിച്ചു സന്ദർശിക്കണമെ. പരിശുദ്ധാത്മാവിനെ ഈ ദാസന്റെ ശിരസ്സിന്മേൽ അയച്ചുകൊണ്ടു ഇദ്ദേഹത്തിന്റെ യാചനകൾ അങ്ങു സ്വീകരിക്കണമെ. കർത്താവേ ഈ ദാസന്റെ കരങ്ങൾവഴി അങ്ങേ ആട്ടിൻകൂട്ടത്തിനു എല്ലാവിധത്തിലുമുള്ള സഹായവും നൽകണമെ. ഇദ്ദേഹത്തോടുകൂടി അങ്ങേ സ്തുതി അർപ്പിക്കുന്നതിനുവേണ്ടി തിരുസഭയുടെ വൈദികരേയും ശുശ്രൂഷികളേയും അനുഗ്രഹിക്കണമെ.

ഗാനം

1 മന്നൻ ദാവീദു സർവ്വേശ്വരനോടു
ജീവനരുളാൻ യാചിച്ചു
ശാശ്വതായുസ്സു നൽകിയവനെ
കീർത്തിമകുടവുമണിയിച്ചു.

2 തൻ തുണയാലെ വളർന്നു മഹത്വം
ശ്രേയസ്സുന്നത പദവികളും
ഉൾപ്രസന്നത നാശമറ്റൊരു
മോദവും കൃപയോടേകി

3 രാജൻ നാഥനിലഭയം തേടി
ഉന്നതൻ തൻ ദാനത്താൽ
വന്നിടുകില്ല ചാഞ്ചല്യങ്ങൾ
വൈരിവൃന്ദം തോറ്റോടും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദി മുതൽ എന്നേക്കും ആമ്മേൻ,

അങ്ങു അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കുകയും
കീർത്തിയുടെ കിരീടമണിയിക്കുകയും ചെയ്തു.

കാർമ്മികൻ (കാനോനാ): തന്റെ ധനത്തെ പന്ത്രണ്ടു അജപാലന ശീലർക്ക നല്കിയവനും ദൈവിക ദാനങ്ങളാൽ അവരെ സമ്പന്നരാക്കിയവനും തന്റെ കർത്തൃത്വത്തിന്റെ അധികാരം അവർക്ക നല്കിയവനുമായ കർത്താവേ അങ്ങേ ഈ ദാസന് ആവശ്യമുള്ളതും സഹായകമായതും നല്കി ഇദ്ദേഹത്തെ കടാക്ഷിച്ച് സന്ദർശിക്കേണമെ. പരിശുദ്ധാരൂപിയെ ഈ ദാസന്റെ ശിരസ്സിന്മേൽ അയച്ചുകൊണ്ട് ഇദ്ദേഹത്തിന്റെ യാചനകൾ അങ്ങു സ്വീകരിക്കണമെ. കർത്താവേ ഈ ദാസന്റെ കരങ്ങൾ വഴി അങ്ങേ ആട്ടിൻ കൂട്ടത്തിന് എല്ലാവിധത്തിലുമുള്ള സഹായവും നല്കണമെ. ഇദ്ദേഹത്തോടുകൂടി അങ്ങേയ്ക്കു സ്തുതി അർപ്പിക്കുന്നതിനുവേണ്ടി തിരുസഭയുടെ വൈദികരേയും ശുശ്രൂഷികളേയും അനുഗ്രഹിക്കണമെ.

അവസാനത്തെ കാനോനാ കാർമ്മികൻ പ്രാർത്ഥിക്കുന്നു

## Prayer

എന്റെ കർത്താവേ, അങ്ങേ വരപ്രസാദത്തിന്റെ ശക്തി ഈ ദാസന്റെ മേൽ ചൊരിയണമെ. ഇദ്ദേഹത്തിന്റെ തലയിൽ അഴകുള്ള മുടിയും പൗരോഹിത്യത്തിന്റെ മഹത്വമുള്ള കിരീടവും വയ്ക്കണമെ. ആട്ടിടയന്റെ വടി ഇദ്ദേഹത്തിന്റെ കയ്യിൽ അങ്ങു പിടിപ്പിക്കണമെ. അങ്ങനെ അങ്ങേ മേച്ചിൽ സ്ഥലത്തിലെ ആട്ടിൻകൂട്ടത്തെ സദാ നേർവഴിയിലൂടെ നയിക്കുന്നതിനും ഭരിക്കുന്നതിനും ഇദ്ദേഹത്തിന് ഇടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

## ( Ps. 122 )

കാർമ്മികൻ തുടങ്ങുന്നു: സ്വർഗ്ഗത്തിൽ വസിക്കുന്നവനേ
അങ്ങേ പക്കലേക്കു ഞാൻ കണ്ണുകളുയർത്തുന്നു.

കാനോനാ: കർത്താവേ നിൻ ശുശ്രൂഷകനിൽ
നിൻകൃപയെന്നും വർഷിക്കണമെ

സങ്കീർത്തനം; ദാസന്മാരുടെ കണ്ണുകൾ
നാഥന്റെ പക്കലേയ്ക്കു എന്നപോലെ

ദാസിയുടെ കണ്ണുകൾ
സ്വാമിനിയുടെ നേർക്ക് എന്നപോലെയും

ഞങ്ങളുടെ ദൈവമായ കർത്താവേ
ഞങ്ങളെ അനുഗ്രഹിക്കണമേ.

അത്രവരെ ഞങ്ങളുടെ ദൃഷ്ടികൾ
അങ്ങിലേയ്ക്കു തന്നെ ആയിരിക്കും

കർത്താവേ ഞങ്ങളോടു കരുണ തോന്നണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദി മുതൽ എന്നേക്കും ആമ്മേൻ.

കർത്താവേ യിൻ ശുശ്രൂഷകനിൽ
നിൻകൃപയെന്നും വർഷിക്കണമെ.

കാനോനാ അവസാനിക്കുമ്പോൾ മെത്രാൻപട്ടസ്ഥാനാത്ഥി

അഗാധാചാരം ചെയ്യുന്നു.

## വേദപുസ്തക വായനകൾ (Scriptural reading)

ശുശ്രൂഷകരിലോരോരുത്തർ പ്രധാന കാർമ്മികന്റെ കരം ചുംബിച്ചശേഷം താഴെക്കൊടുത്തിരിക്കുന്ന ഓരോ വേദപുസ്തക ഭാഗം വായിക്കുന്നു.

### ഒന്നാം വായന — Law

മൂശ അഹറോനെ പ്രധാനാചാര്യനായി അഭിഷേകം ചെയ്തത് ലേവ്യരുടെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. നമുക്കതു ശ്രദ്ധാപൂർവം ശ്രവിക്കാം.

(Lev. 8: 7 - 9, 12)

മൂശ അഹറോനെ പ്രധാനാചാര്യനായി അഭിഷേകം ചെയ്തത് ലേവ്യരുടെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട് നമുക്കതു ശ്രദ്ധാപൂർവ്വം ശ്രവിക്കാം. (Lev. 8: 7 - 9, 12)

"മൂശ അഹറോനെ നെടിയങ്കി ധരിപ്പിക്കുകയും അരപ്പട്ട അണിയിക്കുകയും ചെയ്തു. 'തേജസ്സും സത്യവും' എന്നു ഉല്ലേഖനം ചെയ്തിരുന്ന പതക്കം അവനെ ധരിപ്പിച്ചു. അവന്റെ തലയിൽ മുടി വെച്ചു മുടിയുടെ മേൽ നെററിത്തടത്തിനു മുകളിലായി 'കർത്താവിനു വിശുദ്ധൻ' എന്നെഴുതിയിരുന്ന പൊൻ തകിട് അവിടുന്നു ആജ്ഞാപിച്ചിരുന്ന പ്രകാരം സ്ഥാപിക്കുകയും ചെയ്തു. പിന്നീട് അവൻ അഹറോന്റെ ശിരസ്സിൽ തൈലം ഒഴിച്ച് അഭിഷേകം ചെയ്ത് അവനെ കർത്താവിനു പ്രതിഷ്ഠിച്ചു.

### രണ്ടാം വായന — Prophet

എസക്കിയേൽ ദീർഘദർശി ഇസ്രായേലിന്റെ ഇടയനെപ്പററി പ്രവചിച്ചിട്ടുള്ളതു നമുക്കു ശ്രവിക്കാം. (Ez. 34, 11 - 16)

"ദൈവമായ കർത്താവു് അരുളിച്ചെയ്യുന്നു. ഞാൻതന്നെ എന്റെ ആടുകളെ പാലിക്കുകയും മേയിക്കുകയും ചെയ്യും. ചിതറിപ്പോയ ആടുകളെ അന്വേഷിച്ചു്, അവയുടെ ആടുകളെത്തുന്ന ഇടയനെപ്പോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു്, അവ ചിതറിപ്പോയ സകല സ്ഥലങ്ങളിലും നിന്നു് അവയെ രക്ഷിക്കും. നല്ല മേച്ചിൽസ്ഥലങ്ങളിൽ ഞാൻ അവയെ മേയിക്കും. ഞാൻ എന്റെ ആടുകളെ മേയിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യും. ഞാൻ കാണാതെപോയതിനെ അന്വേഷിക്കുകയും മാർഗ്ഗഭ്രംശം വന്നതിനെ തിരികെ കൊണ്ടുവരികയും ചെയ്യും. ഒടിവുപററിയതിനെ ഞാൻ വെച്ചുകെട്ടുകയും കൊഴുത്തതിനെ കേടുകൂടാതെ സംരക്ഷിക്കുകയും ചെയ്യും. നീതിയോടെ ഞാൻ അവയെ മേയിക്കും."

### മൂന്നാം വായന — St. Paul

വി. പൗലോസ് ശ്ലീഹാ തീത്തൂസിനു് എഴുതിയ ലേഖന (Titus 17-10) ത്തിൽ മെത്രാനുണ്ടായിരിക്കേണ്ട ആവശ്യ ഗുണങ്ങളെപ്പററി പറയുന്നതു നമുക്കു ശ്രവിക്കാം.

"മെത്രാൻ ദൈവഭവനത്തിന്റെ കാര്യസ്ഥനാകയാൽ ആക്ഷേപരഹിതനായിരിക്കണം. അദ്ദേഹം അതിഥേയ മര്യാദയുള്ളവനും ശാന്തനും വിവേകിയും നീതിമാനും പരിശുദ്ധനും ജിതേന്ദ്രിയനുമായിരിക്കണം. മാത്രമല്ല, അവികലമായ തത്വങ്ങളെ ആസ്പദമാക്കി ഉപദേശിക്കാനും, എതിരാളികളെ ബോദ്ധ്യപ്പെടുത്താനും, പ്രാപ്തനാകേണ്ടതിനു് സത്യസിദ്ധാന്തങ്ങൾക്കനുസൃതമായ വിശ്വാസത്തെ മുറുകെപ്പിടിക്കുന്നവനുമായിരിക്കണം".

## 4. Gospel.

മെത്രാൻപട്ട സ്ഥാനാർത്ഥിയുടെ ചുമലിൽ ശോശപ്പാ വിരിക്കുന്നു. അനന്തരം കാർമ്മികൻ സുവിശേഷ പുസ്തകം സൗകര്യമായ രീതിയിൽ വായിക്കുന്നതിനു അതിന്മേൽ തുറന്നു വയ്ക്കുന്നു.

ആർച്ച് ഡീക്കൻ ഉച്ചത്തിൽ പറയുന്നു:

നമുക്കു ശ്രദ്ധാപൂർവം നിന്നു് വിശുദ്ധ സുവിശേഷം ശ്രവിക്കാം.

അനന്തരം കാർമ്മികൻ തന്റെ അജഗണത്തെ ഭരിക്കാൻ കർത്താവ് പത്രോസ് ശ്ലീഹായെ നിയമിച്ചാക്കിയ സുവിശേഷഭാഗം വായിക്കുന്നു.

The Chief Consecrator reads the Gospel.

The Holy Gospel of Our Lord Jesus Christ according to St. John :

When they had finished breakfast, Jesus said to Simon Peter, "Simon, son of John, do you love me more than these?" He said to him, "Yes, Lord; you know that I love you." He said to him, "Feed my lambs." A second time he said to him, "Simon, son of John, do you love me?" He said to him, "Yes, Lord; you know that I love you." He said to him, "Tend my Sheep." He said to him the third time, "Simon, son of John, do you love me?" And he said to him, "Lord, you know everything; you know that I love you." Jesus said to him, "Feed my sheep."

കാർമ്മികൻ: വി. യോഹന്നാനെഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം. (27, 15-18).

"ഈശോ ശെമഓൻ പത്രോസിനോട് ചോദിച്ചു. "യോനായുടെ പുത്രനായ ശെമഓൻ ഇവരേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നോ?" "ഉവ്വ് കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ" "നീ എന്റെ കുഞ്ഞാടുകളെ മേയ്ക്കുക." ഈശോ ആജ്ഞാപിച്ചു. അവിടുന്ന് വീണ്ടും ചോദിച്ചു: "യോനായുടെ പുത്രനായ ശെമഓൻ, നീ എന്നെ സ്നേഹിക്കുന്നോ?" "ഉവ്വ്, "കർത്താവേ ഞാനങ്ങയെ സ്നേഹിക്കുന്നെന്ന് അങ്ങേക്കറിയാമല്ലോ" അവിടുന്ന് കല്പിച്ചു, "നീ എന്റെ ആടുകളെ മേയ്ക്കുക. മൂന്നാമതും ഈശോ ചോദിച്ചു, "യോനായുടെ പുത്രനായ ശെമഓൻ നീ എന്നെ സ്നേഹിക്കുന്നോ?" മൂന്നാമതും നീ എന്നെ സ്നേഹിക്കുന്നോ എന്ന് കർത്താവു ചോദിച്ചതിൽ അകലചിത്തനായി പത്രോസു പറഞ്ഞു, "കർത്താവേ അങ്ങ് സർവ്വതും അറിയുന്നുണ്ടല്ലോ. ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ." അവിടുന്ന് അരുൾചെയ്തു "എന്റെ ചെമ്മരിയാടുകളെ മേയ്ക്കുക."

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

# The Consecratory Prayers Begin

The Bishops place the Gospel book on the shoulders of the candidate until the ceremony of **imposition** of hands is over, and their right hands are placed on both sides of the candidate.

Archdeacon :- Peace be with us.

**The chief celebrant :-** Prayer (in low voice)

„May the Grace of our Lord Jesus Christ, which fills up always what is wanting, by the good pleasure of God the Father, and by the power of the Holy Spirit be always with us, and accomplish through our feeble hands this high and awful service for the salvation of our lives."

The chief celebrant makes the sign of the cross on himself and says :- ✠ "Now and for ever and ever."

**Congregation:-** Amen

Archdeacon :- Peace be with us.

The chief celebrant placing his right hand on the candidate's head and stretching out his left hand in the form of supplication, says the following prayer :-

Our good God, our graceful King, and our Lord full of mercy and grace, by your inestimable kindness you have made me the mediator of divine graces in your holy Church. It is done in order that in your name I may give the wealth of spiritual ministry to the ministers of your Sacred mystery'. My Lord, now according to the apostolic tradition of the ministry of the Church which has come down to us through the imposition of hands, we present before you this servant of yours as the elected bishop of your holy Church in (place). All of us pray for him so that the grace of the Holy Spirit might come down on him and may this service, which is offered by your only begotten Son's mercy and grace, be made perfect.

We offer praise, glory and worship to you and your Father and to the Holy Spirit (Loudly). Now and for ever and ever.

The sign of the cross is made over the candidate's head

Response:- Amen.

Archdeacon:- Raising your mind to the most high pray to the merciful God for the graces. Beg graces from the merciful God for this priest (name) who is appointed bishop of God's Church in (place) and pray for the region entrusted to his care.

Response :- It is meet and just.

The chief celebrant placing his right hand on the candidate's head and stretching his left hand in an entreating manner says the following **prayer of imposition of hand:-**

"God, most high, you who know all that are hidden, you who have created everything by the power of your word, you who govern and guide everything by your gentle and sweet providence, you who always give us more than what we wish and request, have established the holy Church by the sacred blood of Our Lord Jesus Christ, your Son. You consecrated the apostles, prophets, doctors and priests in order that the sacred knowledge given to mankind by your only begotten Son may increase through them in the Church. Now my Lord, be pleased with this servant.

You please elect him with the holy election through the anointing of the Holy Spirit that he may be a perfect priest after the manner of the true High Priest who gave Himself up for us. Strengthen him in the Holy Spirit through this performance of our service. O God, the Father of truth, holy and worthy of all praise, grant him the grace to tend your sheep with a chaste heart, while he preaches the pure Words of truth. May he be the light to those who are in darkness, a teacher to the ignorant and a counsellor to boys and girls. Grant him the power from above to bind and undo in heaven and on earth and let all the sick be cured by the imposition of his hands over them, and for the glory of God, in your name let miracles be wrought by him. Bless him so that by your grace he may appoint priests, deacons,

sub-deacons, lectors and deaconeses for service in the holy Church, that he may unite and protect your people and the sheep of your pasture and the souls who are entrusted to his care may be made perfect in fear of God and sanctity. Grant him, my Lord, strength from above in order that he may stand before your majestic throne at your second coming with confidence and that he may be worthy of the reward you have promised to the diligent ministers of your house. By the grace and mercy of your only begotten Son we offer you and to Him and to the Holy Spirit, praise, glory and worship. (Loudly) Now ✠ and for ever and ever. (the sign of the cross is made over the candidate)

Congregation :- Amen.

While the bishops remove their right hands from the consecrated priest's sides and the Gospel book is removed from his shoulders, the candidate bows and stands straight.

Archdeacon takes the **crown** and gives to the **chief celebrant** who saying the following prayer, makes the candidates wear it.

"May our Lord clothe you in the cloak of praise in order that you may tend the sheep entrusted to your care with fear of God, with great holiness and without stain or fault. May you be protected by mysterious and spiritual weapons. May you be adorned with holy deeds. May you be filled with grace and blessing of purity. For ever and ever. Amen.

Chief celebrant, giving the **crosier** to the consecrated bishop says :-

"May Jesus, the powerful staff, which the Lord has sent from Sion, tend you and govern those who are tended through you by Him. Amen.

He then makes him wear the **pectoral cross** and the **pastoral ring**. Then the chief celebrant making the sign of the cross with his thumb on the forehead of the candidate upwards and from right to left, says :-

(Name) is set apart, sanctified, completed and made perfect for the noble task of the bishop of the town (name) or place (name) and the regions under

its jurisdiction. In the name of the Father ✠ and of the Son ✠ and of the Holy Spirit ✠ for ever Amen.

Chief Celebrant kissing on the head of the newly consecrated bishop says :-

"May Jesus, who has chosen you to tend His sheep, strengthen you to please Him in the task until the end. Amen.

Then the newly consecrated bishop bows before the chief celebrant and kisses his hand and the celebrant keeps the bishop in his place.

Oratio fidelium

All those who are within the rails pay their respects to the new bishop with the kiss of peace.

The New Bishop blesses the congregation.

[മററു മെത്രാന്മാർ അഭിഷേകം ചെയ്യപ്പെടുന്ന മെത്രാൻെറ ചുമലിൽ സുവിശേഷ പുസ്തകം അടച്ചു വയ്ക്കുന്നു. അവർ ചുററും നിന്നുകൊണ്ടു് കൈവയ്പു ശുശ്രൂഷ അവസാനിക്കുന്നതുവരെ അദ്ദേഹത്തിൻെറ പാർശ്വങ്ങളിൽ തങ്ങളുടെ വലതു കൈകൾ വച്ചുകൊണ്ടു നിൽക്കുന്നു.

ആർച്ചുഡീക്കൻ : സമാധാനം നമ്മോടുകൂടെ.

The Consecrator prays.

കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന രഹസ്യത്തിൽ ചൊല്ലുന്നു;
കുറവുകളെ സദാ പരിഹരിക്കുന്ന നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപ, ദൈവമായ പിതാവിൻെറ പ്രസാദത്തോടും, പരിശുദ്ധാത്മാവിൻെറ ശക്തിയോടും കൂടെ എല്ലാ സമയവും നമ്മോടൊന്നിച്ചുണ്ടായിരിക്കട്ടെ. ഭീതിജനകവും ഉന്നതവുമായ ഈ കർമ്മത്തെ നിസ്സാരനായ നാം വഴി നമ്മുടെ ജീവൻെറ രക്ഷക്കായി പരിപൂർണ്ണമാക്കുകയും ചെയ്യട്ടെ (തൻെറമേൽത്തന്നെ 'ദുർശമാ' ചെയ്തുകൊണ്ടു് സ്വരമുയർത്തി) ഇപ്പോഴും എല്ലാ സമയവും എന്നേക്കും.

സമൂഹം: ആമ്മേൻ.

ആർച്ചു ഡീക്കൻ: സമാധാനം നമ്മോടുകൂടെ.

കാർമ്മികൻ സ്ഥാനാർത്ഥികളുടെ തലയിൽ വലതു കൈവച്ചു കൊണ്ടും ഇടതു കൈ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചു കൊണ്ടും താഴെവരുന്ന പ്രാർത്ഥന ചൊല്ലുന്നു.

നല്ലവനായ ഞങ്ങളുടെ ദൈവമേ. കൃപാപൂർണ്ണനായ ഞങ്ങളുടെ രാജാവേ, കരുണാസമ്പന്നനും അനുഗ്രഹ സമൃദ്ധനുമായ

എന്റെ കർത്താവേ, അവർണ്ണനീയമായ അങ്ങേ കാരുണ്യത്താൽ അങ്ങേ വിശുദ്ധ സഭയിൽ ദൈവിക ദാനങ്ങളുടെ മദ്ധ്യസ്ഥനായി അങ്ങ് എന്നെ നിശ്ചയിച്ചു. ഇതു അങ്ങേ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷകന്മാർക്ക് ആദ്ധ്യാത്മിക ശുശ്രൂഷയുടെ നാണയങ്ങൾ ഞാൻ വഴി അങ്ങേ നാമത്തിൽ നൽകുവാൻ വേണ്ടിയാണല്ലൊ. എന്റെ കർത്താവേ, സഭാശുശ്രൂഷയുടെ കൈവെയ്പ്പുവഴി ഞങ്ങൾക്കേല്പിക്കപ്പെട്ടിരിക്കുന്ന ശ്ലൈഹിക പാരമ്പര്യമനുസരിച്ച് അങ്ങയുടെ ഈ ദാസൻ അങ്ങേ വിശുദ്ധ സഭയിൽ (ഇന്നസ്ഥലത്തെ) തെരഞ്ഞെടുക്കപ്പെട്ട മെത്രാനായിത്തീരുവാൻ ഈ ദാസനെ അങ്ങേ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളെല്ലാവരും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപ അദ്ദേഹത്തിന്റെമേൽ വരികയും അങ്ങേ ഏകജാതന്റെ കരുണയാലും അനുഗ്രഹത്താലും അങ്ങേയ്ക്കു സമർപ്പിക്കപ്പെടുന്ന ഈ ശുശ്രൂഷ പരിപൂർണ്ണമാക്കുകയും ചെയ്യട്ടെ.

ഞങ്ങൾ അങ്ങേയ്ക്കും പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും പുകഴ്ചയും മഹത്വവും ആരാധനയും സമർപ്പിക്കുന്നു. (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും. (അഭിഷേകം ചെയ്യപ്പെടുന്ന ആളിന്റെ ശിരസ്സിൽ റൂശ്മാ ചെയ്യുന്നു.)

ഉത്തരം : ആമ്മേൻ.

ആർച്ച് ഡീക്കൻ: അത്യുന്നതങ്ങളിലേക്കു നിങ്ങളുടെ ബോധമുയർത്തി കാരുണ്യവാനായ ദൈവത്തോടു അനുഗ്രഹം യാചിക്കുവിൻ. ദൈവത്തിന്റെ സഭയിൽ (ഇന്നസ്ഥലത്തെ) മെത്രാനാകുവാൻ നിയുക്തനായിരിക്കുന്ന (ഇന്ന) പുരോഹിതനുവേണ്ടി കാരുണ്യവാനായ ദൈവത്തിൽ നിന്നു അനുഗ്രഹം യാചിക്കുകയും അദ്ദേഹത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവിൻ.

ഉത്തരം: ഇതു ന്യായവും യുക്തവുമാകുന്നു.

കാർമ്മികൻ വലതുകൈ മെത്രാന്റെ തലയിൽ വെച്ചുകൊണ്ടും ഇടതുകൈ യാചനാരൂപത്തിൽ നീട്ടി പിടിച്ചുകൊണ്ടും താഴെ വരുന്ന കൈവെയ്പു പ്രാർത്ഥന ചൊല്ലുന്നു.

അത്യുന്നതനായ ദൈവമേ, നിഗൂഢമായവയെ അറിയുന്നവനെ, തന്റെ വാക്കിന്റെ ശക്തിയാൽ സർവത്തും സൃഷ്ടിച്ചവനെ, തന്റെ ശാന്തമധുരമായ പരിപാലനയാൽ സർവവും ഭരിക്കുകയും നയിക്കുകയും ചെയ്യുന്നവനേ ഞങ്ങൾ അഗ്രഹിക്കുകയും ചോദിക്കുകയും ചെയ്യുന്നതിനേക്കാൾ അധികമായി എപ്പോഴും ദാനം ചെയ്യുന്നവനേ, അങ്ങേ പുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ ദിവ്യരക്തത്താൽ വിശുദ്ധ പള്ളിയെ അവിടുന്നു സ്ഥാപിച്ചു അതിൽ അങ്ങേ ഏകജാതൻ മനുഷ്യവർഗ്ഗത്തിനു നൽകിയ വിശുദ്ധ ജ്ഞാനം വർദ്ധിക്കുന്ന

തിനു് ശ്ലീഹന്മാരെയും പ്രവാചകന്മാരെയും മല്പാന്മാരെയും പുരോഹിതന്മാരെയും അങ്ങു് അഭിഷേകം ചെയ്തു. എന്റെ കർത്താവേ ഇപ്പോഴും അങ്ങേ മുഖം ഈ ദാസനിൽ പ്രകാശിപ്പിക്കണമെ. നമുക്കു വേണ്ടി തന്നെത്തന്നെ സമർപ്പിച്ച സത്യത്തിന്റെ പ്രധാന പുരോഹിതനെ അനുകരിക്കുന്ന പരിപൂർണ്ണനായ ഒരു പുരോഹിതനായിത്തീരുന്നതിനു വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഈ ദാസനെ പരിശുദ്ധാത്മാവിന്റെ തൈലത്താൽ അങ്ങു് അഭിഷേകം ചെയ്യണമെ. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ ശുശ്രൂഷവഴിയായി പരിശുദ്ധാരൂപിയാൽ ഇദ്ദേഹം ശക്തിപ്രാപിക്കട്ടെ. ദൈവമെ, സത്യത്തിന്റെ പിതാവേ, പരിശുദ്ധനും സ്തുത്യർഹനുമായവനേ, ഇദ്ദേഹം സത്യത്തിന്റെ നിർമ്മലവചനം പ്രസംഗിക്കുമ്പോൾ തന്റെ അജഗണത്തെ ഹൃദയനിർമ്മലതയോടുകൂടി നയിക്കുന്നതിനുള്ള അനുഗ്രഹം ഇദ്ദേഹത്തിനു നൽകണമെ. അന്ധകാരത്തിലിരിക്കുന്നവർക്കു് ഇദ്ദേഹം പ്രകാശവും അറിവില്ലാത്തവർക്കു് അദ്ധ്യാപകനും ബാലികാബാലന്മാർക്കു് ഉപദേഷ്ടാവും ആയിരിക്കട്ടെ. സ്വർഗ്ഗത്തിലും ഭൂമിയിലും അഴിക്കുന്നതിനും കെട്ടുന്നതിനും, ഇദ്ദേഹത്തിന്റെ കൈവയ്പുവഴി എല്ലാ രോഗികളും സുഖം പ്രാപിക്കുന്നതിനും ദൈവത്തിന്റെ മഹത്വത്തിനായി അങ്ങേ പരിശുദ്ധ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനും ഇദ്ദേഹത്തിനു അനുഗ്രഹം നൽകണമെ. അങ്ങേ വിശുദ്ധ സഭയിലെ ശുശ്രൂഷയ്ക്കായി അങ്ങേ ദാനങ്ങളുടെ ശക്തിയാൽ വൈദികന്മാരേയും മ്ശംശാനാമാരേയും ഹെവ്പ്പ്ദ്യാക്നാമാരെയും, കാറോയക്കാരെയും, സ്ത്രീകളുടെ ഇടയിൽനിന്നുള്ള മ്ശമ്ശാനാമാരെയും നിയമിക്കുന്നതിനും, അങ്ങേ ജനത്തേയും തന്റെ മേച്ചിൽ സ്ഥലത്തെ അജഗണത്തേയും ഒന്നിച്ചു കൂട്ടുന്നതിനും പരിപാലിക്കുന്നതിനും ഇദ്ദേഹത്തിന്റെ സംരക്ഷണയിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളെ ദൈവഭയത്തിലും പരിശുദ്ധിയിലും പൂർണ്ണരാക്കുന്നതിനും ഇദ്ദേഹത്തെ അനുഗ്രഹിക്കേണമെ. അങ്ങേ ഭയാനകമായ സിംഹാസനത്തിനു മുമ്പാകെ വിശ്വാസത്തോടുകൂടി നിൽക്കുന്നതിനും ഉത്സാഹികളായ കാര്യസ്ഥന്മാർക്കു് അങ്ങു് വാഗ്ദാനം ചെയ്തിരിക്കുന്ന സമ്മാനം സ്വീകരിക്കുന്നതിനർഹനായിത്തീരുന്നതിനും ഉന്നതത്തിൽ നിന്നുള്ള ശക്തി എന്റെ കർത്താവെ, ഇദ്ദേഹത്തെ ധരിപ്പിക്കേണമെ. ഞങ്ങൾ അങ്ങേ ഏകജാതന്റെ കൃപയാലും അനുഗ്രഹത്താലും അങ്ങേക്കും അവനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും മഹത്വവും പുകഴ്ചയും ആരാധനയും സമർപ്പിക്കുന്നു (സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

കൈവയ്ക്കപ്പെടുന്ന ആളിന്റെ മേൽ റൂശ്മ ചെയ്യുന്നു.

സമൂഹം: ആമ്മേൻ.

മെത്രാന്മാർ തങ്ങളുടെ വലതുകരം പട്ടം സ്വീകരിച്ച ആളിന്റെ പാർശ്വങ്ങളിൽനിന്നു് എടുക്കുകയും സുവിശേഷപുസ്തകം മാറ്റുകയും ചെയ്യുന്നു. നവമായി അഭിഷിക്തനായ മെത്രാൻ ഇരുമുട്ടുകളും കുത്തി ആചാരം ചെയ്തെഴുന്നേൽക്കുന്നു.

അതിനുശേഷം ആർച്ചുഡീക്കൻ മുടി അൾത്താരയിൽനിന്നു കൊണ്ടുവരുന്നു. കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു് അതു ധരിപ്പിക്കുന്നു.

നിർമ്മലമായും സകല ദൈവഭയത്തിലും വിശുദ്ധിയിലും അങ്ങേക്കേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ പരിപാലിക്കുന്നതിനു് നമ്മുടെ കർത്താവു് സ്വർഗ്ഗീയ മഹത്വത്തിന്റെ വസ്ത്രം അങ്ങയെ ധരിപ്പിക്കട്ടെ. നിഗ്രഹമായ ആത്മീയ ആയുധം അങ്ങേയ്ക്കു നല്കട്ടെ. നീതിയുടെ പ്രവൃത്തികളാൽ അങ്ങയെ അലങ്കരിക്കട്ടെ. തന്റെ ദാനങ്ങളാലും പരിശുദ്ധിയുടെ ശോഭയാലും അങ്ങയെ ബഹുമാനിക്കുകയും ചെയ്യട്ടെ. എന്നേയ്ക്കും ആമ്മേൻ.

അംശവടി വലതു കൈയിൽ കൊടുത്തുകൊണ്ടു് ചൊല്ലുന്നു.

കർത്താവു സെഹിയോനിൽനിന്നയച്ച ശക്തിയുടെ ചെങ്കോലായ ഈശോമിശിഹാ അങ്ങാൽ മേയിക്കപ്പെടുന്നവർക്കുവേണ്ടി അങ്ങേ പരിപാലിക്കുകയും നയിക്കുകയും ചെയ്യട്ടെ, ആമ്മേൻ.

കുരിശും മാലയും മോതിരവും അണിയിക്കുന്നു. തദവസരത്തിൽ ഗായകസംഘം, തിരുസ്സഭ മിശിഹായുടെ മണവാട്ടിയാണെന്ന സത്യം അനുസ്മരിപ്പിച്ചുകൊണ്ടു് താഴെക്കാണുന്ന ഗാനം ആലപിക്കുന്നു.

മിശിഹാതൻ സഭയാം
രാജകുമാരികേ,
മഞ്ജുളകീർത്തന വീചികളാൽ
മംഗളമോതുക മണവാട്ടി

മിശിഹാ....

ഉന്നതനാമൊരു നാഥൻ
തൻ വധുവാക്കിയുയർത്തി
പരിശുദ്ധം നിജരക്തം
മണവാട്ടിക്കായു് ഏകിയവൻ.

മിശിഹാ....

കാർമ്മികൻ തള്ളവിരൽകൊണ്ടു പുതിയ മെത്രാന്റെ നെററിയിൽ താഴെനിന്നു മുകളിലേക്കും, വലത്തുനിന്നു് ഇടത്തേയ്ക്കും റുശ്മാ ചെയ്തുകൊണ്ടു ചൊല്ലുന്നു: (ഇന്ന സ്ഥലത്തേയും) ഇദ്ദേഹത്തിന്റെ രൂപത മുഴുവനിലെയും മെത്രാനടുത്ത മഹത്വമേറിയ ശുശ്രൂഷകൾക്കായി (പേരു്) വേർതിരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും പൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

ഉത്തരം: ആമ്മേൻ.

തലയിൽ മുത്തിയശേഷം ചൊല്ലുന്നു.

തന്റെ അജഗണത്തിന്റെ പരിപാലനത്തിനായി അങ്ങയെ തിരിഞ്ഞെടുത്ത മിശിഹാ അവസാനംവരെ തന്നെ പ്രസാദിപ്പിക്കുവാൻ അങ്ങേ ശക്തനാക്കട്ടെ ആമ്മേൻ.

കാർമ്മികന്റെ മുൻപിൽ ആചാരം ചെയ്തു് വലതുകരം ചുംബിക്കുന്നു.]

## കാറോസൂസ (Prayer of the Faithful)

നമുക്കെല്ലാവർക്കും ആനന്ദത്തോടും ഭക്തിയോടും കൂടി നിന്നു് കർത്താവിന്റെ സഭയിൽ മേലദ്ധ്യക്ഷനായി ഉയർത്തപ്പെട്ടിരിക്കുന്ന (മാർ കുര്യാക്കോസു്) മെത്രാനുവേണ്ടി പ്രാർത്ഥിക്കാം.

ഉത്തരം: കർത്താവേ നിന്നോടു ഞങ്ങൾ യാചിക്കുന്നു.

അങ്ങയുടെ ആട്ടിൻകൂട്ടത്തിന്റെ ഇടയനായി നിയമിതനായിരിക്കുന്ന ഇദ്ദേഹത്തിനു് വേണ്ട എല്ലാം അനുഗ്രഹങ്ങളും സമൃദ്ധമായി നല്കണമെന്നു്.

കർത്താവേ........

അങ്ങയുടെ തിരുരക്തം വിലയായി നൽകി നേടിയ തിരുസ്സഭയെ ഭരിക്കുന്നതിനു് പരിശുദ്ധാത്മാവു് നിയമിച്ചാക്കിയിരിക്കുന്ന ഇദ്ദേഹത്തെ സ്വകൃത്യം ജാഗ്രൂകതയോടുകൂടി നിർവ്വഹിക്കുവാൻ സഹായിക്കണമെന്നു്. (1)

കർത്താവേ........

വിശുദ്ധ പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതുപോലെ ഇദ്ദേഹം പക്വമതിയും വിവേകിയും സൽസ്വഭാവിയുമായി എന്നും വ്യാപരിക്കുവാൻ ഇടയാക്കണമെന്നു്. (2)

കർത്താവേ........

ഇദ്ദേഹം സദാ എളിമയും ശുദ്ധതയും പുണ്യപൂർണ്ണതയുടെ കാതലായ ഉപവിയുമുള്ളവനായിരിക്കുവാൻ ഇടയാക്കണമെന്നു്. (3)

കർത്താവേ........

ദൈവത്തിന്റെ ഭവനത്തിൽ കാര്യസ്ഥനെന്ന നിലയിൽ ഇദ്ദേഹം അപരാധരഹിതനായിരിക്കുവാൻ ഇടയാക്കണമെന്നു്. (4)

കർത്താവേ........

വേദപുസ്തകമനുസരിച്ചുള്ള വിശ്വാസ സത്യങ്ങൾ ധൈര്യത്തോടും വിവേകത്തോടുംകൂടി അങ്ങേ ജനങ്ങളെ പഠിപ്പിക്കുവാൻ ഇദ്ദേഹത്തെ അനുഗ്രഹിക്കണമെന്നു്. (5)

കർത്താവേ........

ശ്രേഷ്ഠപുരോഹിതനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഇദ്ദേഹത്തെ, സ്വജനങ്ങൾക്കു് വിദഗ്ദ്ധനായ അദ്ധ്യാപകനും ആശ്വാസദായകനായ പിതാവും നീതിസൂര്യനായ അങ്ങയുടെ പ്രതിരൂപവും ആക്കിത്തീർക്കണമെന്നു്.

കർത്താവേ....

മനുഷ്യരുടെയിടയിൽ നിന്നു് തെരഞ്ഞെടുക്കപ്പെട്ടു് ബലിയപ്പിക്കാൻ നിയുക്തനായിരിക്കുന്ന ഇദ്ദേഹത്തെ അങ്ങേയ്ക്കു സ്വീകാര്യമായ ഒരു നിരന്തരബലിവസ്തുവായി സ്വീകരിക്കണമെന്നു്. (6)

കർത്താവേ.........

തന്റെ പരിപാലനത്തിനേല്പിക്കപ്പെട്ട അജഗണത്തെ സന്മനസ്സോടെ പരിരക്ഷിക്കുന്നതിനും, ദൈവത്തിന്റെ ഇഷ്ടാനുസൃതം ഭരിക്കുന്നതിനും ഉള്ള വരപ്രസാദം ഇദ്ദേഹത്തിനു നല്കണമെന്നു്. (7)

കർത്താവേ.........

തന്റെ ജനങ്ങൾക്കു് സന്മാതൃക നൽകുന്നതിനും അജപാലകരുടെ നാഥനായ അങ്ങു വരുമ്പോൾ മഹത്വത്തിന്റെ കിരീടം ലഭിക്കുന്നതിനും ഇദ്ദേഹത്തിനു് ഇടയാക്കണമെന്നു് (8)

കർത്താവേ.........

പ്രാർത്ഥിക്കാം. Prayer

നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല, പ്രത്യുത ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയത്രേ ചെയ്തതു് എന്നരുളിച്ചെയ്ത ശ്രേഷ്ഠപുരോഹിതനായ മിശിഹായെ, അവിടുത്തെ ദിവ്യപരിപാലനയനുസരിച്ച അഭിഷിക്തനായിരിക്കുന്ന ഈ ദാസനെ കരുണാപൂർവം തൃക്കൺപാർക്കണമേ. അങ്ങയുടെ ജനത്തെ പഠിപ്പിക്കുകയും നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുവാൻ ആവശ്യമായ ദിവ്യവരങ്ങൾ ധാരാളമായി അങ്ങയുടെ ഈ ദാസനു് പ്രദാനം ചെയ്യണമേയെന്നു ഞങ്ങൾ അപേക്ഷിക്കുന്നു നിത്യനായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

മദ്ബഹായിലുള്ളവർ അഭിനവ മെത്രാനെ അഭിവാദനം ചെയ്യുന്നു. അദ്ദേഹം സമൂഹത്തെ ആശീർവദിക്കുന്നു.

തുടർന്നു് "ലാകുമാറാ" ചൊല്ലിക്കൊണ്ടു് ബലി ആരംഭിക്കുന്നു.

ദിവ്യബലിയിൽ പൗലോസ് ശ്ലീഹാ എബ്രായക്കാർക്കെഴുതിയ ലേഖനം 5-ാം അദ്ധ്യായം 1—4 വാക്യങ്ങളും വി. യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായം 3—5, 11, 14—17 വാക്യങ്ങളും വായിക്കുന്നു. പുതിയ മെത്രാൻ പ്രസംഗിക്കുന്നു.

കാഴ്ചവയ്പിനു് രൂപതയിലെ ഇടവകകളുടെ പ്രതിനിധികൾ പ്രദക്ഷിണമായി വന്നു് കാഴ്ചവസ്തുക്കൾ കാർമ്മികനെ ഏല്പിക്കുന്നു.

---

(1.) നടപടി 20/28; (5.) തീത്തൂസ് 1/10
(2.) തിമോ. 3/1-7 (6.) ഹീബ്രു 5/1
(3.) ,, ,, (7.) I പീറ്റർ 5/3
(4.) തീത്തൂസ് 1/8 (8.) I 5/4

DHARMARAM COLLEGE LIBRA
BANGALORE - 29

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

CT Library
*00075108*
F77 EP46